"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - തിരുവനന്തപുരത്തെ നിരീക്ഷ സ്ത്രീ നാടക വേദിയ്ക്ക് 2025-26 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്ന് അഞ്ചാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.130/2026/CLAD തീയതി, തിരുവനന്തപുരം, 13-02-2026

---

പരാമർശം:-
1. 04.01.2021 തീയതിയിലെ 01/2021/ധന. നമ്പർ സർക്കുലർ.
2. സ.ഉ.(സാധാ)നം.349/2025/സാം.കാ.വ. തീയതി, 20.06.2025
3. സ.ഉ.(സാധാ)നം. 516/2025/സാം.കാ.വ. തീയതി, 05.09.2025
4. സ.ഉ.(സാധാ)നം. 690/2025/സാം.കാ.വ. തീയതി, 21.11.2025
5. സ.ഉ.(സാധാ)നം. 15/2026/സാം.കാ.വ. തീയതി, 07.01.2026
6. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 20.01.2026 തീയതിയിലെ എ2-724/25/സാം.വ. നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തിരുവനന്തപുരത്തെ നിരീക്ഷ സ്ത്രീ നാടക വേദിയ്ക്ക് 2025-26 സാമ്പത്തിക വർഷത്തെ പദ്ധതിയേതരയിനത്തിൽ 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും നാല് ഗഡുക്കളായി പരാമർശം (2) മുതൽ (5) വരെയുള്ള ഉത്തരവുകൾ പ്രകാരം ₹3,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന് അഞ്ചാം ഗഡു അനുവദിക്കുന്നതിനായുള്ള സ്ഥാപന സെക്രട്ടറിയുടെ അപേക്ഷ പരാമർശം (6) പ്രകാരം സാംസ്കാരിക വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരത്തെ നിരീക്ഷ സ്ത്രീ നാടക വേദിയ്ക്ക് 2025-26 സാമ്പത്തിക വർഷം 2205-00-102-77-04 (Non Plan) എന്ന ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി വകയിരുത്തിയ തുകയിൽ നിന്നും ₹ 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) അഞ്ചാം ഗഡുവായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത തുക പരാമർശം (1) സർക്കുലറിലെ നിബന്ധന പ്രകാരം നിരീക്ഷ സ്ത്രീ നാടക വേദിയുടെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ 799011400007998 എന്ന സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്.

തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്.

4. കൂടാതെ, അടുത്ത ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ റിലീസ് ചെയ്ത തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം, വിശദമായ ചെലവ് വിവരം, പ്രതീക്ഷിത ചെലവ് വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJANI M

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, നിരീക്ഷ സ്ത്രീ നാടകവേദി, ഐത്തികോണം, ചൂഴാറ്റുകോട്ട, മലയം പി.ഒ., തിരുവനന്തപുരം-695571
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (3174748/EDN-D1/79/2025-FIN dated 07.02.2026)
കരുതൽ ഫയൽ (A2/88/2025-CLAD)

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 13-02-2026 15:00:59